**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 4912

22.05.2017-ൽ മറുപടിയ്ക്ക്

## കാട്ടാക്കട മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.ബി. സതീഷ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016- 17 ബജറ്റിൽ ഭരണാനുമതിയില്ലാതെ നിർദ്ദേശിക്കപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച സി.ഇ./ആർ ആന്റ് ബി./11900/2016/ജി3/74/ പി.ഡബ്ല്യു.ഡി. ഫയലിൽ തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും അവ നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (എ) & (ബി) | കാട്ടാക്കട മണ്ഡലത്തിലെ അടിയന്തിര പ്രാധാന്യമുള്ള റോഡുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 11.01.2017-ൽ സി.ഇ./ആർ&ബി/11900/2016/ TVM നമ്പർ കത്ത് പ്രകാരം ജി3/74/2017-പൊ.മ.വ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18ലെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പുളിയറക്കോണം-കഴക്കാട് റോഡ് (16.21 കോടി രൂപ), കിള്ളി-ഇ.എം.എസ് അക്കാദമി റോഡ് (16.31 കോടി രൂപ) എന്നീ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്ന 182 റോഡുകളിൽ (ഖണ്ഡിക 156) ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പൊട്ടൻകാവ്- നെല്ലിക്കാട് - ചീനിവിള- ഊന്നാംപാറ - തുങ്ങാംപാറ - തെരളിക്കുഴി - മുണ്ടുക്കോണം റോഡ് പുനരുദ്ധാരണ പ്രവൃത്തി KIIFB യിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത പദ്ധതിയുടെ Pre-feasibility study, Project concept note, എന്നിവ നിലവിലെ SORന് വിധേയമായും 03.02.2017 ലെ ജി3/39/2017/പൊമവ നമ്പർ സർക്കാർ കത്തിലെ മാർഗ നിർദ്ദേശങ്ങൾക്ക് വിധേയമായും തയ്യാറാക്കിയ എസ്റ്റിമേറ്റ് അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കുവാൻ 11.05.2017-ലെ ജി3/59/2017-പൊ.മ.വ നമ്പർ സർക്കാർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ പ്രവൃത്തിയും, പേരുകാവ് - ചൂഴാറ്റുകോട്ട റോഡിന്റെ 0/000കി.മീ. മുതൽ 2/600കി.മീ. വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം - ശങ്കരൻ നായർ റോഡ് - പേയാട് മാർക്കറ്റ് ജംഗ്ഷൻ പിടാരം റോഡ് ബി.എം. & ബി.സി. നിലവാരത്തിൽ പുനഃരുദ്ധാരണം (21.29 കോടി), വണ്ടന്നൂർ - മേലാരിയോട് - വണ്ടന്നൂർ റസ്സൽപുരം - പുന്നാവൂർ - വെളിയംകോട് - കോടിയോട് - മൂലക്കോണം |

റോഡിന്റെ പുനരുദ്ധാരണം - 13 കി.മീ (16 കോടി) എന്നീ പ്രവൃത്തികളും 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലോ 2017-18ലെ ബഡ്ജറ്റ് പ്രസംഗത്തിലോ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തിരക്കിട്ട നടപടികൾ കിഫ്ബിയിൽ സ്വീകരിച്ചു വരുന്ന ഈ ഘട്ടത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്ത പുതിയ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെടുന്നത് കിഫ്ബി തത്കാലം പ്രോത്സാഹിപ്പിക്കുന്നില്ല.

സെക്ഷൻ ഓഫീസർ